ഉത്തരം

(എ & ബി) പത്തനംതിട്ട ജില്ലയിലെ വല്ലന പി.എച്ച്.സി.-യിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരൊഴിവും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ രണ്ടൊഴിവും നിലവിലുണ്ട്. കോയിപ്രം പി.എച്ച്.സി.-യിൽ ഫാർമസിസ്റ്റിന്റെ ഒരൊഴിവും പാർട്ട്ടൈം സ്വീപ്പറിന്റെ ഒരൊഴിവും കാഞ്ഞിറ്റുകര സി.എച്ച്.സി.-യിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-1-ന്റെ ഒരൊഴിവും ഡ്രൈവറുടെ ഒരൊഴിവും നിലവിലുണ്ട്. ഈ ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള മറ്റ് തസ്തികകളിൽ എല്ലാം ജീവനക്കാർ ഉണ്ട്. ആയതിനാൽ ആശുപത്രികളുടെ പ്രവർത്തനത്തെയും രോഗികളുടെ ചികിത്സയെയും കാര്യമായി ബാധിക്കുന്ന സാഹചര്യം നിലവിലില്ല. എന്നിരിക്കിലും ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിലെ നിയമനം

111 [932] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുന്നുണ്ടോ;

(ബി) ഇപ്രകാരം നിയമനം നടത്തുന്നതിനെതിരെ ഏതെങ്കിലും സംഘടന ഉപരോധം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ എവിടെയെല്ലാം;

(സി) ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II ഉൾപ്പെടെയുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നിയമനം പി.എസ്.സി.-ക്ക് വിടാൻ നിലവിൽ എന്തെങ്കിലും നിയമതടസ്സം ഉണ്ടോ;

(ഡി) പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുന്നതുവരെ പ്രസ്തുത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റന്റർമാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ ഹോസ്പിറ്റൽ അറ്റൻഡർ തസ്തികയിൽ നേരിട്ടുള്ള സ്ഥിരനിയമനം നടത്തുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II തസ്തിക, പാർട്ട്ടൈം സ്വീപ്പർമാരുടെ പ്രമോഷൻ തസ്തികയാണ്. ആരോഗ്യവകുപ്പിലും ഇതര വകുപ്പുകളിലും പ്രമോഷനുവേണ്ടിയുള്ള പി.റ്റി.എസ്.-മാരുടെ ലിസ്റ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആശുപത്രികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി താൽക്കാലികാടിസ്ഥാനത്തിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II-മാരെ നിയമിക്കാറുണ്ട്. ഈ സാഹചര്യത്തിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-II ഉൾപ്പെടെയുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം സാധ്യമല്ല.

(ഇ) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റൻഡർമാരെ സ്ഥിരപ്പെടുത്താൻ നിലവിലുള്ള ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിച്ച തസ്തികകൾ

112 [933] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിച്ച തസ്തികകൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്രപേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

	തസ്തിക	*അനുവദിച്ചത്*
1.	സിവിൽ സർജൻ	1
2.	അസിസ്റ്റന്റ് സർജൻ	2
3.	സ്റ്റാഫ് നഴ്സ്	3
4.	ഫാർമസിസ്റ്റ്	1
5.	നഴ്സിംഗ് അസിസ്റ്റന്റ്	1
6.	ലാബ് ടെക്നീഷ്യൻ	1
7.	ഒഫ്താൽമിക് അസിസ്റ്റന്റ്	1
8.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2	1
9.	പാർട്ട്ടൈം സ്വീപ്പർ	1
10.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1	1
11.	ഹെൽത്ത് ഇൻസ്പെക്ടർ	2

LIBRARY ARCHIVES Kerala Legislative Assembly